പരിശോധനാ ചാർജ്ജുകൾ, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റു പരിശോധനാ ചാർജ്ജുകൾ ഇവ സൗജന്യമാണ്. ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ എത്തുന്ന സ്വാതന്ത്ര്യ സമരസേനാനികൾക്ക് മരുന്നുകളുടെ വില റീ-ഇംപേഴ്സ് ചെയ്യുന്നതിനോ സൗജന്യമായി വിതരണം ചെയ്യുന്നതിനോ അവകാശമുണ്ട്.

(ബി, സി) നിലവിലുള്ള നിയമപ്രകാരം സർക്കാർ ആശുപത്രികളിൽ മാത്രമേ സ്വാതന്ത്ര്യ സമരസേനാനികൾക്ക് സൗജന്യ ചികിൽസയ്ക്ക് അർഹതയുള്ളൂ. എന്നിരുന്നാലും സ്വാതന്ത്ര്യ സമരസേനാനികളുടെ സ്വകാര്യ ആശുപത്രികളിലെ ചികിൽസാ ചെലവ് ഓരോ കേസും പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ പ്രത്യേക കേസായി പരിഗണിച്ച് റീ-ഇംപേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി വരുന്നുണ്ട്.

സുനാമി ദുരന്തത്തിൽ മരണമടഞ്ഞവരുടെ മരണ സർട്ടിഫിക്കറ്റ്

71 [846] ശ്രീ. ജോണി നെല്ലൂർ :

,, ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തത്തെത്തുടർന്ന് വേളാങ്കണ്ണിയിൽ കടലിൽ മരണമടയുകയും ജഡം കിട്ടാതിരിക്കുകയും ചെയ്ത കേരളീയരുടെ മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ ;

(ബി) ഇക്കാര്യത്തിൽ നിലവിലുള്ള നിയമം ലഘൂകരിച്ച് ദുരിത ബാധിതരായ കുടുംബാംഗങ്ങളെ സഹായിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1969-ലെ ജനനമരണ രജിസ്ട്രേഷൻ നിയമപ്രകാരം മരണം നടന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലാണ് (പഞ്ചായത്ത്/നഗരസഭ) രജിസ്റ്റർ ചെയ്യേണ്ടത്. കടലിൽ മരണമടയുകയും ജഡം കിട്ടാതെവരികയും ചെയ്യുന്ന കേസുകളിൽ കാണാതായ ദിവസം മുതൽ 7 വർഷം കഴിഞ്ഞാൽ മരണം സ്ഥിരീകരിച്ച നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ മരണം രജിസ്റ്റർ ചെയ്യുവാൻ കഴിയുകയുള്ളൂ. പ്രസ്തുത വിവരം രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയുടെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) സുനാമി ദുരന്തത്തിൽ മരണപ്പെട്ടവരുടെ മരണം രജിസ്റ്റർ ചെയ്യുന്നതിന് സ്പോട്ട് രജിസ്ട്രേഷന് രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സുനാമി ദുരന്തമുണ്ടായ കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ യഥാക്രമം ആലപ്പാട് ആറാട്ടുപുഴ, എടവനക്കാട്, ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനനമരണ രജിസ്ട്രേഷൻ നിയമപ്രകാരം മരണപ്പെട്ടയാളിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശവശരീരംകണ്ട് സ്ഥിരീകരിച്ചാൽ മാത്രമേ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ. കേരളത്തിനു പുറത്ത് മരിച്ചവരുടെ മൃതദേഹം കിട്ടിയില്ലെങ്കിലും ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടാൽ ധനസഹായം കേരളത്തിലേതുപോലെ നൽകേണ്ടതാണ് എന്ന തീരുമാനം സർക്കാർ കൈകൊണ്ടിട്ടുണ്ട്. സുനാമി ദുരന്തം മൂലം മരിച്ചവരുടെ അവകാശികൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കുവേണ്ടി അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയ ദൈർഘ്യം കുറച്ചുകൊണ്ട് ഗസറ്റിൽ പരസ്യപ്പെടുത്തണമെന്ന നിബന്ധന ഒഴിവാക്കിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സുനാമി സാദ്ധ്യതാ പഠനം

72 [847] ശ്രീ. കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ മഹാസമുദ്രത്തിൽ നിന്നും ഉടലെടുത്ത സുനാമി കേരള തീരത്തും നാശം വിതച്ച പശ്ചാത്തലത്തിൽ അറബിക്കടലിൽ ഇത്തരമൊരു ഭീഷണിക്ക് സാദ്ധ്യതയുള്ളതായി സർക്കാരിന് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരമൊരു അപകട സാദ്ധ്യതയെക്കുറിച്ച് പഠനം നടത്താൻ സർക്കാർ എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇൻഡ്യയുടെ എല്ലാ സമുദ്ര പ്രദേശങ്ങളിലും വിശദമായ പഠനത്തിന് കേന്ദ്ര സർക്കാർ ഇപ്പോൾപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിൽ കേരളത്തിന്റെ ശാസ്ത്ര വിഭാഗങ്ങളും പങ്കു ചേരുന്നതാണ്.

(സി) ഇൻഡ്യയുടെ ചുറ്റും സുനാമി പ്രവചന ശൃംഖല സ്ഥാപിക്കുന്തിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കേരള തീരത്ത് ഇക്കഴിഞ്ഞ സുനാമിയുടെ ആഘാതം വിലയിരുത്തുന്നതിനുള്ള പഠനങ്ങൾ സെന്സും മറ്റു സ്ഥാപനങ്ങളും നടത്തി വരുന്നു. ഇവ സുനാമിയുടെ കേരള തീരത്തുള്ള പ്രഭാവം കുറക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും പ്രവചനം സാദ്ധ്യമാക്കുന്നതിനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly